കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

# കരുവാറ്റ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി.പി.3/1496/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

തീയതി.05.01.2019
ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കരുവാറ്റ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കരുവാറ്റ ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി.3/1496/2018 തീയതി : 05.01.2019

# ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 19.05.2017 മുതൽ 30.09.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 14.08.2018 മുതൽ<br>16.08.2018 വരെയും<br>03.10.2018 മുതൽ<br>09.10.2018 വരെയും | ശ്രീ. ആർ. രാജീവ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. പുഷ്പരാജ്. വി. കെ, അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. രാജിമോൾ. പി. സി, ഓഡിറ്റർ<br>ശ്രീമതി. ലേഖ. പി. കെ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീമതി. സി. സുജാത | 01.04.2017 മുതൽ 31.03.2018 വരെ |

2.സെക്രട്ടറി

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീമതി. പി. ലക്ഷ്മിദേവി | 01.04.2017 മുതൽ 30.06.2017 വരെ |
| 2 | ശ്രീമതി. ബീന. എസ് (ഇൻ ചാർജ്) | 01.07.2017 മുതൽ 10.07.2017 FN വരെ |
| 3 | ശ്രീമതി. ദീപ്തി നായർ | 10.07.2017 AN മുതൽ 31.03.2018 വരെ |

സി) സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരുടെ പേര് വിവരം

| ക്രമ നം. | പേര് | സ്റ്റാന്റിംഗ് കമ്മറ്റി | കാലയളവ് |
|---|---|---|---|
| 1 | ശ്രീ. സുരേഷ് കളരിക്കൽ | ധനകാര്യം | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | ശ്രീമതി. ചന്ദ്രമതി. ജെ | വികസനകാര്യം | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ശ്രീമതി. സുമ | ആരോഗ്യ, വിദ്യാഭ്യാസം | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ശ്രീ. മോഹനൻ പിള്ള | ക്ഷേമകാര്യം | 01.04.2017 മുതൽ 31.03.2018 വരെ |

3.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. സി. രാജൻ | 01.04.2017 മുതൽ 25.10.2017 വരെ |
| | | ശ്രീമതി. വിജി | 26.10.2017 മുതൽ 31.03.2018 വരെ |
| 2 | കൃഷി ഓഫീസർ | ശ്രീമതി. ഗംഗാദേവി | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | വെറ്ററിനറി സർജൻ | ഡോ. ഹേമ നായർ. എസ് | 01.04.2017 മുതൽ 04.06.2017 വരെ |
| | | ഡോ. സുൾഫിക്കർ. ജെ | 05.06.2017 മുതൽ 31.03.2018 വരെ |
| 4 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ശ്രീജ. എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| 5 | ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീ. സാജൻ. എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| 6 | വി.ഇ.ഒ, കരുവാറ്റ | ശ്രീമതി. ധന്യ. ജെ | 01.04.2017 മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| 7 | വി.ഇ.ഒ, കരുവാറ്റ | ശ്രീമതി. കവിത. ആർ. പി | 01.04.2017 മുതൽ 31.03.2018 വരെ |
| 8 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.അഞ്ചു ശ്രീധരൻ | 01.04.2017മുതൽ 31.03.2018 വരെ |
| 9 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ. പ്രീത. എച്ച് | 01.04.2017 മുതൽ 31.03.2018 വരെ |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. വിജയശ്രീ | 01.04.2017മുതൽ 16.09.2017 വരെ |
| | | ശ്രീമതി. ഷീല ദേവസ്യ | 17.09.2017 മുതൽ 31.03.2018 വരെ |
| 11 | ഹെഡ്മിസ്ട്രസ്സ് | ശ്രീമതി. ജെസി. ജെ | 01.04.2017 മുതൽ 31.03.2018 വരെ |
| | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഷൈനി. ആർ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം -1 | | |
| 1 | പൊതു അവലോകനം | 1-1 മുതൽ<br>1-13 വരെ |
| ഭാഗം -2 | | |
| 2 | ഡി & ഓ ലൈസൻസ് അപാകതകൾ | 2-1 |
| 3 | ആധുനിക മത്സ്യമാർക്കറ്റ് വാടക-അപാകതകൾ | 2-2 |
| 4 | വസ്തു നികുതി ഈടാക്കുന്നില്ല | 2-3 |
| ഭാഗം -3 | | |
| 5 | പച്ചക്കറി തൈ വിതരണം-വിതരണ രേഖകൾ ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 |
| 6 | മരുന്ന് വാങ്ങൽ-മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നില്ല | 3-2 |
| 7 | ഹരിതകർമ്മസേനയും അനുബന്ധപ്രവർത്തനങ്ങളും -പദ്ധതി പ്രവർത്തനങ്ങൾ ഫലപ്രദമല്ല | 3-3 |

| | | |
|---|---|---|
| 8 | ഖരമാലിന്യ സംസ്കരണം -വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 3-4 |
| 9 | കുടുംബശ്രീ യൂണിറ്റുകൾക്ക് തുണിസഞ്ചി നിർമ്മാണം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 3-5 |
| 10 | ഹെഡ്മിസ്ട്രസ്സ് കരുവാറ്റ ജി.എൽ.പി.എസ് നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 3-6 |
| 11 | ഗാർഹിക കുടിവെള്ള കണക്ഷൻ-അപാകങ്ങൾ | 3-7 |
| 12 | ഫർണ്ണീച്ചർ വാങ്ങൽ -രേഖകൾ ഹാജരാക്കിയില്ല | 3-8 |
| 13 | വൃദ്ധർക്ക് ഉപകരണങ്ങൾ- വിതരണ വിവരങ്ങൾ കൃത്യമല്ല | 3-9 |
| 14 | വീട് വാസയോഗ്യമാക്കൽ-മാനദണ്ഡപ്രകാരമല്ലാതെ ആനുകൂല്യം അനുവദിച്ചു | 3-10 |
| 15 | മുട്ടക്കോഴി വിതരണം -രേഖകൾ ലഭ്യമല്ലാത്തത് സംബന്ധിച്ച് | 3-11 |
| 16 | കാരമുട്ട് എൽ.പി.എസ്. വാട്ടർ കണക്ഷൻ- പ്രവൃത്തി നിർവ്വഹണം ആരംഭിച്ചിട്ടില്ല | 3-12 |
| 17 | കുറഞ്ഞ നിരക്കിൽ കാലിവീപ്പയുടെ വില ഈടാക്കി-പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-13 |
| 18 | യഥാസമയം കരാർ വച്ചില്ല-കോൺട്രാക്ടറിൽ നിന്നും ഫൈൻ ഈടാക്കിയില്ല-പഞ്ചായത്തിന് നഷ്ടം | 3-14 |
| 19 | യഥാസമയം പണി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും കോമ്പൻസേഷൻ ഈടാക്കിയില്ല | 3-15 |
| 20 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം | 3-16 |
| ഭാഗം -4 | | |
| 21 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ<br>4-10 വരെ |
| 22 | അനുബന്ധം – I ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 23 | അനുബന്ധം – II | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017 ലെ I(1)-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മറ്റി പാസ്സാക്കി. അംഗീകൃത ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 150406467 | 148067452 |
| രസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം | 55713616 | 56719912 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ഇതിൽ നിന്നും ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ വേണമെന്ന് വ്യക്തമാകുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31.7.2017 | 20.06.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി-ജി.എ.4-1126(54)/2018, തീയതി. 06.07.2018 | വിശേഷണങ്ങളോട് കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12193182 |
| വരവ് | 55713616 |
| ആകെ | 67906798 |
| ചെലവ് | 56719912 |
| നീക്കിയിരിപ്പ് | 11186886 |

## 1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | -- | 14270000 | 14270000 | 14270000 | |
| വികസന ഫണ്ട് (എസ്.സി.പി) | -- | 3380934 | 3380934 | 3380934 | |
| വികസന ഫണ്ട് (ടി.എസ്.പി) | -- | 65973 | 65973 | 65973 | |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | -- | 3528000 | 3528000 | 2945747 | 582253 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | | 4326000 | 4326000 | 3790558 | 535442 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 6600684 | 6600684 | 6600684 | 0 |
| കെ.എൽ.ജി.എസ്.ഡി.പി | | 2399247 | 2399247 | 2212886 | 186361 |
| ടോട്ടൽ സാനിറ്റേഷൻ | 1149693 | 1383764 | 2533457 | 1046545 | 1486912 |
| റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 8241172 | 9034822 | 17275994 | 12269381 | 5006613 |
| റ്റി.എസ്.ബി (ജോയന്റ് വെഞ്ചർ) | 0 | 2050000 | 2050000 | 2047722 | 2278 |
| സാക്ഷരത | 15138 | 59899 | 75037 | 57728 | 17309 |
| ഡിസ്ട്രസ്സ് റിലീഫ് ഫണ്ട്. | 11350 | 4100 | 15450 | 2000 | 13450 |
| ഇ-പേയ്മെന്റ് അക്കൗണ്ട്. | 0 | 19003 | 19003 | | 19003 |
| എൻ.ആർ.ഇ.ജി.എസ് | 121948 | 1676122 | 1798070 | 1798070 | 0 |
| തനത് ഫണ്ട്. | 2419456 | 8597411 | 11016867 | 6498948 | 4517919 |
| തനത് ഫണ്ട് (ക്യാഷ്) | 234425 | 44626787 | 44861212 | 44737810 | 123402 |

## 1-6 പദ്ധതി അവലോകനം

| മേഖല | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|---|
| ഉത്പാദനം | 12 | 12911500 | 12 | 9099750 | 0 | 0 | 70.5 |
| സേവനം | 60 | 24306366 | 49 | 19841196 | 10 | 1 | 81.6 |
| പശ്ചാത്തലം | 27 | 14958665 | 22 | 10748342 | 4 | 1 | 71.9 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 121948 | 1676122 | 1798070 | 1798070 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 52074000 | 52074000 | 52074000 | 0 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 143760 | 244 |
| കർഷകതൊഴിലാളി പെൻഷൻ | 11151700 | 990 |
| വിധവാപെൻഷൻ | 9659400 | 834 |
| വാർദ്ധക്യകാലപെൻഷൻ | 23423800 | 1728 |
| വികലാംഗപെൻഷൻ | 3724800 | 332 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 395200 | 46 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 300000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.08.2018ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24583/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എല്ലാ രജിസ്റ്ററുകളും രേഖകളും പരിപാലിക്കുന്നില്ല. സൂക്ഷിക്കുന്നവയിലും പൂർണ്ണമായ കൃത്യത പാലിക്കപ്പെടുന്നില്ല.
2. സ്ഥാപനത്തിലെ എല്ലാ ജീവനക്കാരുടേയും ജോലി വിഭജനം കൃത്യമായ ഓഫീസ് ഓർഡർ വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
3. ഫ്രണ്ട് ഓഫീസ് പ്രവർത്തനം സുഗമമായി നടത്തുന്നതിന് സ്ഥലപരിമിതി മൂലം സാധിക്കുന്നില്ല.
4. ഫർണീച്ചറുകൾ, കംപ്യൂട്ടറുകൾ മറ്റ് സ്റ്റോക്ക് എന്നിവയുടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
5. പഞ്ചായത്ത് ഭരണ സമിതി, വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ സഭകൾ എന്നിവയുടെ യോഗങ്ങൾ യഥാ സമയം കൂടുകയും, സ്ഥാപനത്തിന്റെ വരവ്-ചെലവ് കണക്കുകൾ, പദ്ധതി ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. പൊതുയോഗ മിനിട്സുകൾ, ഗ്രാമ സഭ മിനിട്സുകൾ എന്നിവ യഥാസമയം എഴുതി പരിപാലിക്കുന്നുണ്ട്.
6. സാധന സമഗ്രികളുടേയും സേവനങ്ങളുടേയും വാങ്ങലുകൾ പ്രൊക്യൂർമെന്റ് മാന്വൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചല്ല നടത്തുന്നത്.
7. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും എല്ലാ ആസ്തികളും അതിൽ ഉൾപ്പെടുത്തിയിട്ടില്ല.
   മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.08.2018 | 07-2018 | 13.08.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2017 | 2011-2012 മുതൽ 2015- 2016 വരെ | 01.04.2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 ലെ വാർഷിക കണക്കിൽ കാണപ്പെട്ട അപാകതകൾ കെ.എസ്.എ-എ.എൽ.പി-ജി.എ.4-1126(54)/18, തീയതി. 06.07.2018 പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

*വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ* :

1. വസ്തു നികുതി ഡിമാന്റ്, കളക്ഷൻ എന്നിവയിൽ കൃത്യതയില്ല. വാർഷിക വസ്തു നികുതി ഡിമാന്റ്, കൃത്യമായ രേഖകളില്ലാതെ വ്യത്യാസപ്പെടുത്തിയിട്ടുണ്ട്.
2. ജനറൽ പർപ്പസ് ഫണ്ട്, ഇ-പേയ്മെന്റ് അക്കൗണ്ട് എന്നിവയുടെ തുക ബാങ്ക് സ്റ്റേറ്റ്മെന്റ്, ACR എന്നിവ പ്രകാരം കൃത്യമല്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഡി & ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. എസ്. കൃഷ്ണകുമാർ, മാനേജിംഗ് ഡയറക്ടർ, മാവേലി മറൈൻ പ്രോഡക്ട്സ് എന്ന സ്ഥാപനം ട്യൂബ് ഐസ് നിർമ്മാണത്തിനായി നൽകിയിരിക്കുന്ന അപേക്ഷയിൽ യന്ത്രത്തിന്റെ കുതിര ശക്തി രേഖപ്പെടുത്തിയിരിക്കുന്നത് 300 Hp എന്നാണ്. കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 18, 19 പട്ടിക 3 പ്രകാരം ഇതിന് 3000/- രൂപ ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്. എന്നാൽ 2000/-രൂപമാത്രമാണ് ഫീസ് ഈടാക്കിയിരിക്കുന്നത്.
2. 13 റേഷൻ കടയുടമകൾ 2017-18 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ട്. എന്നാൽ ഡി&ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല.
3. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ലൈസൻസ് ഫീസ് പിരിവിൽ ന്യൂനതയുള്ളതായി കാണുന്നു.

| വാർഡ് | പേര്/ വിലാസം | സ്ഥാപനം | ഈടാക്കിയ തുക |
|---|---|---|---|
| XIV/364 | ശ്രീദേവി പ്രസന്നൻ നായർ, കല്ലിമേൽ ശ്രീനിലയം, കരുവാറ്റ | പെട്രോളിയം, ഡീസൽ ഓയിൽ വിൽപ്പന | 1000/- |
| IV/321A | മുരളീധരൻ പിള്ള, കുന്നുമലശ്ശേരിൽ, കുറ്റൂർ, പി.ഒ | ഗ്രാനൈറ്റ്, ടൈൽസ്, സാനിട്ടറി ഉൽപ്പന്നങ്ങളുടെ വിൽപ്പന | 2000/- |

കേരള പഞ്ചായത്തിരാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ചട്ടം 7 -ൽ ഏതൊരു ലൈസൻസിലും 2-ാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ അധികമാകാത്ത തുക ലൈസൻസ് ഫീസായി ചുമത്താവുന്നതാണ്.ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ 4000/- രൂപ വരെ ഈടാക്കാം. പെട്രോളിയം, ഗ്രാനൈറ്റ്, ടൈൽസ് എന്നിവയുടെ വ്യാപാരങ്ങൾക്ക് ഉയർന്ന വിറ്റുവരവ് ലഭിക്കുന്നതാകയാൽ ഇവരിൽ നിന്നും തുച്ഛമായ ലൈസൻസ് ഫീസ് ഈടാക്കിയതുമൂലവും ക്രമ നം. 1, 2 എന്നിവരിൽ നിന്നും ലൈസൻസ് ഫീസ് കൃത്യമായി പിരിച്ചെടുക്കാത്തതിനാലും തനതു വരുമാനത്തിൽ ഗണ്യമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം. 1) ന് നൽകിയ മറുപടിയിൽ ലൈസൻസ് എടുപ്പിക്കുന്നതിനും തുക കൃത്യമായി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതു പ്രകാരം തുക കൃത്യമായി ഈടാക്കി അടവാക്കേണ്ടതാണ്.

## 2-2 ആധുനിക മത്സ്യമാർക്കറ്റ് വാടക -അപാകതകൾ

ഗ്രാമപഞ്ചായത്ത് വക ആധുനിക മത്സ്യമാർക്കറ്റ് കെട്ടിട മുറികളും സ്റ്റാളുകളും വാടകയ്ക്ക് നൽകുന്നതിനുള്ള അംഗീകൃത ബൈലയിലെ 14-ാം നം. നിബന്ധന പ്രകാരം ലേലം കൊണ്ടയാൾ മുറിയുടെ പ്രതിമാസ വാടക അതാത് മാസം 5-ാം തീയതിക്കു മുൻപായി ഗ്രാമപഞ്ചായത്ത് ഓഫീസിൽ അടക്കേണ്ടതാണ്. വാടക യഥാസമയം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ നിശ്ചിത തീയതി മുതൽ പണം അടയ്ക്കുന്ന തീയതി ഉൾപ്പെടെയുള്ള കാലത്തേയ്ക്ക് പ്രതിമാസം 1% പിഴപ്പലിശ അടയ്ക്കേണ്ടതാണ്.

1. മത്സ്യ മാർക്കറ്റ് ലേലം കൊണ്ടിരിക്കുന്ന എസ്. കൃഷ്ണകുമാർ (മാനേജിംഗ് ഡയറക്ടർ, മാവേലി മറൈൻ പ്രോഡകട്സ്) മായി ഏർപ്പെട്ടിരിക്കുന്ന കരാറിൽ പിഴപ്പലിശയുടെ വ്യവസ്ഥ ഒഴിവാക്കിയിരിക്കുന്നു.
2. വാടക അതാത് മാസം മുൻകൂറായി അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നതായി വാടക രജിസ്റ്ററിൽ കാണുന്നു.

| ക്രമ നം. | വാടക /മാസം | രസീത് നം & തീയതി | തുക |
|---|---|---|---|
| 1 | 6/2017 &7/2017 | 117200500021, തീയതി : 29.08.2017 | 60000/- |
| 2 | 8/2017 & 9/2017 | 117200500038, തീയതി : 19.10.17 | 60000/- |
| 3 | 10/2017& 11/2017 | 117200500042, തീയതി : 6.12.17 | 60000/- |
| 4 | 12/2017 - 03/2018 | 1172500078, തീയതി : 22.3.18 | 120000/- |

പിഴപ്പലിശ വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്താതിരുന്നതുമൂലം പിഴ ഈടാക്കുവാൻ സാധ്യമാകുന്നില്ല. കരാർ പുതുക്കുകയോ, പുതിയതിൽ ഏർപ്പെടുകയോ ചെയ്യുമ്പോൾ ടി വ്യവസ്ഥ ഉൾപ്പെടുത്തുകയും 3 മാസത്തിലധികം കുടിശ്ശിക വരുത്തിയാൽ ബൈലാ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പിഴ പലിശ ഇനത്തിലുള്ള നഷ്ടം ഈടാക്കാൻ സാധ്യമല്ലാത്തത് കരാറിൽ വ്യവസ്ഥ ചേർക്കാതിരുന്നതു മൂലമായതിനാൽ നഷ്ടതുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 വസ്തുനികതി ഈടാക്കുന്നില്ല

പഞ്ചായത്തിലെ വസ്തുനികതി സംബന്ധമായ ഫയലുകൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെപ്പറയുന്ന കെട്ടിങ്ങളിൽ നിന്നും നാളിതുവരെയായി വസ്തു നികുതി ഈടാക്കുന്നതായി കാണുന്നില്ല.

| വാർഡ് നം. / കെട്ടിട നം | കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| V/311 | BSNL ഡിവിഷണൽ മാനേജർ | 344ച.മീ. |
| XV/ 270 | അസി. എക്സി. എൻജിനീയർ, കേരളാ വാട്ടർ അതോറിറ്റി | 30 ച.മീ. |
| X/1 | അസി. എക്സി. എൻജിനീയർ, കേരളാ വാട്ടർ അതോറിറ്റി | 13 ച.മീ. |
| VII/11 | ശിവരാമൻ നായർ, കിഴക്കേടത്തു കിഴക്കേതിൽ | 75ച.മീ. |
| V/191 | TB ക്ലിനിക്ക്, കരുവാറ്റ | 115ച.മീ. |

അസ്സസ്സ്മെൻറ് രജിസ്റ്ററിൽ ഈ കെട്ടിടങ്ങളെ എന്തുകൊണ്ടാണ് വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് എന്നത് സംബന്ധിച്ച വ്യക്തമായ രേഖപ്പെടുത്തലുകൾ ഇല്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 16/ 08.10.2018) മറുപടി നൽകിയില്ല. മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച് പരിശോധന നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പച്ചക്കറി തൈ വിതരണം- വിതരണ രേഖകൾ ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. : എസ്.00240/18

പ്രോജക്റ്റിന്റെ പേര് : പച്ചക്കറി തൈ കൃഷി(വനിതകൾ)

നിർവ്വഹണം : കൃഷി ഓഫീസർ

*ചെലവ്*

ട്രഷറി ബിൽ നം. KVT4/17-18, തീയതി : 08.02.2018 – 2,10,000/- രൂപ

ഈ പദ്ധതി പ്രകാരം 7000 വനിതകൾക്ക് വിതരണം ചെയ്യുന്നതിനായി കരുവാറ്റ പച്ചക്കറി എ ഗ്രേഡ് ക്ലസ്റ്ററിൽ നിന്നും 70000 പച്ചക്കറി തൈകൾ വാങ്ങിയതിന്റെ വില മേൽ ബില്ല് പ്രകാരം പ്രസ്തുത ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് (18690200000345) ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. വാങ്ങിയ പച്ചക്കറി തൈകൾ വിതരണത്തിനായി വാർഡ് അടിസ്ഥാനത്തിൽ ആരൊക്കെയോ കൈപ്പറ്റിയതായി വിതരണ രജിസ്റ്ററിൽ ഒപ്പിട്ട് നല്കിയിട്ടുണ്ട്. എന്നാൽ കൈപ്പറ്റിയവരുടെ പേരോ ഔദ്യോഗിക പദവിയോ രേഖപ്പെടുത്തിയിട്ടില്ല. കൈപ്പറ്റിയ പച്ചക്കറി തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരം പൂർണമായും ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | വിതരണത്തിനായി നല്കിയ പച്ചക്കറി തൈകളുടെ എണ്ണം | വിതരണം ചെയ്ത പച്ചക്കറി തൈകളുടെ എണ്ണം | വിതരണ രേഖയില്ലാത്ത/ വിതരണം ചെയ്യാനവശേഷിക്കുന്ന പച്ചക്കറി തൈകളുടെ എണ്ണം |
|---|---|---|---|
| 1 | 3750 | 3750 | - |
| 2 | 4500 | 4500 | - |
| 3 | 4500 | 4500 | - |
| 4 | 6000 | - | 6000 |
| 5 | 5000 | 5000 | - |
| 6 | 4750 | - | 4750 |
| 7 | 6000 | 3170 | 2830 |
| 8 | 4500 | - | 4500 |
| 9 | 4250 | - | 4250 |
| 10 | 4000 | 4000 | - |
| 11 | 3500 | - | 3500 |
| 12 | 4000 | - | 4000 |

| | | | |
|---|---|---|---|
| 13 | 4000 | - | 4000 |
| 14 | 5000 | 5000 | - |
| 15 | 6250 | - | 6250 |
| ആകെ | 70000 | 29920 | 40080 |

വിതരണ രേഖകളുടെ അഭാവത്തിൽ 40080 പച്ചക്കറി തൈകൾക്കായി (തൈ ഒന്നിന് 3രൂപ) ചെലവഴിച്ച 120240/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 മരുന്നു വാങ്ങൽ -മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നില്ല

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിലായി 2017-18 സാമ്പത്തിക വർഷം 4,99,750/- രൂപ മരുന്നു വാങ്ങലിനായി ചെലവഴിച്ചിട്ടുണ്ട്. PHC-ക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം :120/18) എന്ന പ്രോജക്ടിനായി 1,00,000/- രൂപയും (വികസനഫണ്ട് 78949/-, തനത്ഫണ്ട് 21051/-) സാന്ത്വന പരിചരണ പരിപാടി (പ്രോജക്ട് നം : 68/18) പദ്ധതി പ്രകാരം 189964/-രൂപയും (വികസനഫണ്ട്) പാലിയേറ്റീവ് പരിചരണ പദ്ധതിയിലെ ബ്ലോക്ക് പഞ്ചായത്തിൻെറ വിഹിതമായി 209786/- രൂപയുമാണ് മരുന്നു വാങ്ങലിനായി ചെലവഴിച്ചിട്ടുള്ളത്. ഈ പദ്ധതികളിൽ തുക അഡ്വാൻസായി നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. PHC ക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം :120/18) എന്ന പദ്ധതിക്കായി നൽകിയ 1,00,000/- രൂപയിൽ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. കേരളാ മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡിൽ നിന്നുള്ള 1 ലക്ഷം രൂപയുടെ പ്രോഫോർമ ഇൻവോയ്സ് മാത്രമാണ് ഫയലിൽ ഉള്ളത്. മറ്റ് പദ്ധതികളിലും വളരെ കുറഞ്ഞതുകയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. PHC ക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി ചെലവഴിച്ച തുകയിൽ വികസനഫണ്ടിൽ നിന്നുള്ള 78949/- രൂപ (ബിൽ നം. 7/18, തീയതി 27.3.2018) KMSCLന് നല്കിയിട്ടുണ്ടെങ്കിലും തനത്ഫണ്ട് വിഹിതമായ 21051/-രൂപ നൽകിയതോ കൈപ്പറ്റിയതോ ആയ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ പദ്ധതികളിലായി KMSCL ന് മരുന്നിനായി അഡ്വാൻസ് നല്കിയ തുകയും ലഭിച്ച മരുന്നുകളുടെ വിവരവും ചുവടെ ചേർക്കുന്നു.

| പദ്ധതി, നൽകിയ തുക | ബിൽ നം. | ലഭിച്ച മരുന്നുകൾ (രൂപ) | ലഭിക്കാനുള്ള മരുന്നുകൾ (രൂപ) |
|---|---|---|---|
| പി.എച്ച്.സി. മരുന്നുവാങ്ങൽ Rs. 1,00,000/- | ബിൽ നം. 7/18, തീയതി. 27.3.18 | ഇല്ല | 1,00,000/- |
| പാലിയേറ്റീവ് പരിചരണം Rs. 1,89,964/- | ബിൽ നം. 3/18, തീയതി. 15.1.18 | 83253/- | 106711/- |
| പാലിയേറ്റീവ് പരിചരണം (ബ്ലോക്ക് വിഹിതം) Rs. 209786/- | ബിൽ നം. 1/17-18, തീയതി. 25.8.17<br>ബിൽ നം. 2/17-18, തീയതി. 18.12.17<br>ബിൽ നം. 4/18, തീയതി. 9.3.18<br>ബിൽ നം. 6/18, തീയതി. 27.3.18 | 139634/- | 70152/- |
| ആകെ | | | 276863/- |

മരുന്ന് വാങ്ങലിനായി ഓരോ പദ്ധതിയിലും തുക അഡ്വാൻസായി നൽകുന്നതല്ലാതെ മരുന്നുകളുടെ ലഭ്യത കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കുന്നില്ല. ഓരോ പ്രോജക്ടിലും ഇനി ലഭിക്കാനുള്ള മരുന്നുകളെ സംബന്ധിച്ച കൃത്യമായ കണക്ക് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പക്കലില്ല. ഓരോ പ്രോജക്ടുകളുടെയും പ്രൊഫോർമ ഇൻവോയ്സ്, ലഭിച്ച മരുന്നുകളുടെ ബിൽ എന്നിവ ചിട്ടയായി ഫയലിൽ സൂക്ഷിക്കുന്നതിനു പകരമായി മുൻ വർഷങ്ങളിലെയുൾപ്പടെ മരുന്ന്

വാങ്ങലുമായി ബന്ധപ്പെട്ട വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള പ്രോഫോർമ ഇൻവോയ്സും ബില്ലുകളും ഒറ്റ ഫയലിൽ ഇനം തിരിക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. ഓരോ വർഷത്തെയും മരുന്നുകൾ പല വർഷങ്ങളായി, പലതവണകളായി മാത്രം ലഭിക്കുന്ന സാഹചര്യത്തിൽ കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം മൂലം ഓരോ വർഷവും വിവിധ പദ്ധതികൾ പ്രകാരം മരുന്നിനായി ചെലവഴിച്ച മുഴുവൻ തുകയുടെയും മരുന്നുകൾ ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ലഭിക്കാനുള്ള മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി യാതൊരുവിധ നടപടിയും ഓഫീസ് തലത്തിലോ പഞ്ചായത്ത് തലത്തിലോ സ്വീകരിച്ചുവരുന്നതായി ഫയലിൽ രേഖയില്ല. ഓരോ ഇൻവോയ്സ് പ്രകാരവും ലഭിച്ച മരുന്ന്, ലഭിക്കാനുള്ളവ എന്നിവയുടെ കൃത്യമായ കണക്ക് തയ്യാറാക്കി ലഭിക്കാനവശേഷിക്കുന്നവ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മേൽ പദ്ധതികൾ പ്രകാരം ലഭ്യമാകാത്ത മരുന്നുകളുടെ 276863/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ഹരിതകർമ്മ സേനയും അനുബന്ധപ്രവർത്തനങ്ങളും - പദ്ധതി പ്രവർത്തനങ്ങൾ ഫലപ്രദമല്ല

ഹരിത കർമ്മ സേനയും അനുബന്ധപ്രവർത്തനങ്ങളും (പ്രോജക്ട് നം-118/18)

ബിൽ നം-12/17-18, Rs. 6600/- c/o 27.02.18

14/17-18, Rs. 750/- c/o 27.02.18

15/17-18, Rs. 6000/- c/o 27.02.18

24/17-18, Rs. 58275/- c/o 28.03.18

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കരുവാറ്റ സൗത്ത്) 2017-18 ൽ നടപ്പിലാക്കിയ ഹരിതകർമ്മ സേനയും അനുബന്ധപ്രവർത്തനങ്ങളും എന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്തിൽ സൃഷ്ടിക്കപ്പെടുന്ന വിവിധ മാലിന്യങ്ങൾ പദ്ധതി പ്രകാരം രൂപീകരിക്കുന്ന ഹരിത കർമ്മസേന മുഖാന്തിരം നീക്കം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിരുന്നത്. ഇതിനായി ഹരിത കർമ്മസേനാംഗങ്ങൾക്ക് ഓണറേറിയം, മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വിഹിതം, കളക്ഷൻ സെന്റർ വാടക എന്നിവയടക്കം ആകെ 1,63,950 രൂപയുടെ അടങ്കലിലാണ് പദ്ധതി തയ്യാറാക്കിയത്. എന്നാൽ ഈ പദ്ധതിയുടെ ചെലവുരേഖകൾ പരിശോധിച്ചതിൽ ഹരിത കർമ്മസേനാംഗങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ രണ്ട് ദിവസത്തെ പരിശീലനം നൽകിയതിനായി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് 6,600/- രൂപയും പരിശീലനാർത്ഥികൾക്ക് ഭക്ഷണം 6000/- രൂപയും പരിശീലനത്തിനുള്ള സ്റ്റേഷനറി വാങ്ങിയതിനായി 750/- രൂപയും കർമ്മസേനാംഗങ്ങൾക്ക് റെയിൻകോട്ട്, ഓവർ കോട്ട്, ഗ്ലൗസ്, ഷൂസ് എന്നിവ വാങ്ങിയതിനായി 58,275/- രൂപയുമാണ് പദ്ധതിയിൽ നിന്നും ചെലവഴിച്ചിരിക്കുന്നത്. ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത് സിംഗിൾ ടെണ്ടർ മുഖാന്തിരം മെ. സ്പാരോ ഔട്ട്ഫിറ്റ്സ് എന്ന കരുവാറ്റ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ ആക്റ്റിവിറ്റി ഗ്രൂപ്പിൽ നിന്നാണ്. ഉപകരണങ്ങളുടെ സ്റ്റോക്ക്, വിതരണ വിവരങ്ങൾ എന്നിവയും കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യമായ മാലിന്യ ശേഖരണവും അവയുടെ നീക്കം ചെയ്യലും നടത്തിയിട്ടില്ല. ശേഖരിക്കുന്ന മാലിന്യങ്ങൾ സംഭരിക്കുന്നതിനുള്ള മാലിന്യ കളക്ഷൻ സെന്റർ പോലുള്ള അടിസ്ഥാന കാര്യങ്ങളിൽ പോലും തീരുമാനമാകും മുമ്പേ അംഗീകാരം ലഭിച്ച പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടാത്ത പരിശീലനപരിപാടികൾ സംഘടിപ്പിച്ചതും കർമ്മസേനാംഗങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി പണം ചെലവഴിച്ചതും ക്രമപ്രകാരമല്ല. ഈയിനത്തിലെ പദ്ധതിച്ചെലവായ 72225/- രൂപ തടസ്സപ്പെടുത്തുന്നു. വേണ്ടത്ര മുന്നൊരുക്കമില്ലാതെ പദ്ധതികൾ ആവിഷ്കരിക്കുന്നതും നടപ്പാക്കുന്നതും പൊതുപണം നിഷ്ഫലമാവുന്നതിനും പദ്ധതികൾ അനന്തമായി നീണ്ടുപോകുന്നതിനും കാരണമാവുന്നതാണ്. പദ്ധതി ലക്ഷ്യമായ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ഖരമാലിന്യ സംസ്കരണ പ്ലാന്റ്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

പ്രോജക്ട് നം. : എസ്.007418

പ്രോജക്ടിന്റെ പേര് : ഖരമാലിന്യ സംസ്കരണ പ്ലാന്റ്

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ : വികസന ഫണ്ട് - 12,27,000/-രൂപ

ധനകാര്യ കമ്മീഷൻ ഗ്രാന്റ് : 1,50,000/-രൂപ

ആകെ : 13,77,000/-രൂപ

*ചെലവ്*

*ട്രഷറി ബിൽ നം. 17070652013100315269, തീയതി.17.08.2017 – 12,27,000/- രൂപ*

*ട്രഷറി ബിൽ നം.170706520131003152749, തീയതി.17.08.2017 – 1,50,000/- രൂപ*

*ആകെ -13,77,000/-രൂപ*

ഈ പദ്ധതിയുടെ നിർവ്വഹണത്തിലേക്കായി മേൽ ട്രഷറി ബില്ലുകൾ പ്രകാരമുള്ള തുകകൾ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 799011400000938) ഇ-പേയ്മെന്റായി നല്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. പദ്ധതിയുടെ പ്രവർത്തനം ഓഡിറ്റ് വേളയിൽ പോലും (09.10.2018)ആരംഭിച്ചിട്ടില്ലായെന്നാണ് അറിയാൻ കഴിഞ്ഞത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7 തീ.06.10.2018) പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലായെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി നല്കി. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക (13,77,000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് തുണിസഞ്ചി നിർമ്മാണം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

കുടുംബശ്രീ ഗ്രൂപ്പുകൾക്ക് തുണിസഞ്ചി നിർമ്മാണം (പ്രോജക്ട് നം-75/18)

ബിൽ നം. – 20/17-18, Rs. 306900/-, C/o – 17.03.2018

2017-18 ൽ വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ 5 അംഗങ്ങൾ വീതമുള്ള 15 കുടുംബശ്രീ യൂണിറ്റുകൾക്ക് തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ എന്ന സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ബാങ്ക് വായ്പാധിഷ്ഠിതമായി ധനസഹായം അനുവദിച്ച് കൂടുതൽ സ്വയം തൊഴിലും പഞ്ചായത്തിലെ പ്ലാസ്റ്റിക് ഉപയോഗത്തിലെ കുറവുമാണ് ലക്ഷ്യമിട്ടത്. ഇതിനായി ഗ്രൂപ്പിന് 24,060/- രൂപ വീതം ആകെ 3,06,900/-രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. വിജയ ബാങ്ക്, കരുവാറ്റ ബ്രാഞ്ചുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പായി ഗ്രൂപ്പുകൾ വായ്പാപേക്ഷ സമർപ്പിച്ചുടൻ തന്നെ സബ്സിഡി തുക പൂർണ്ണമായും ബാങ്കിലേക്ക് നല്കി. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള സർക്കാർ മാനദണ്ഡ പ്രകാരം യൂണിറ്റുകൾ രൂപീകരിച്ച് ആറുമാസത്തിനു ശേഷമുള്ള ഗ്രേഡിംഗ് വിജയകരമായി പൂർത്തിയാക്കിയവർക്കാണ് ധനസഹായത്തിന് അർഹതയുള്ളത്. എന്നാൽ പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ തിരഞ്ഞെടുക്കപ്പെട്ട ഭൂരിഭാഗം യൂണിറ്റുകളും രൂപീകരിച്ചതും ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചതും സബ്സിഡി അനുവദിക്കുന്നതിന് തൊട്ടടുത്ത ദിവസങ്ങളിൽ മാത്രമാണ്. പഞ്ചായത്തിൽ നിന്നും തയ്യാറാക്കി നൽകിയ പ്രോജക്ട് റിപ്പോർട്ടല്ലാതെ ഓരോ യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച മുന്നൊരുക്കം നടത്തിയതിന്റെ യാതൊരുവിധ വിവരങ്ങളും ഗ്രൂപ്പുകൾ ഹാജരാക്കിയ മിനിട്സുകളിലില്ല. ഗ്രൂപ്പംഗങ്ങൾക്ക് തുണി സഞ്ചി നിർമ്മാണത്തിനുള്ള സാങ്കേതിക പരിശീലനം ലഭിച്ചതിന്റെയോ ഉപകരണങ്ങൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെയോ യാതൊരു രേഖകളുമില്ല. ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ മാർക്കറ്റിംഗ് എങ്ങനെ നടത്തും എന്നതു സംബന്ധിച്ചും ക്രിയാത്കമകമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വ്യക്തമായ മാനദണ്ഡങ്ങളില്ലാതെ,ആവശ്യമായ മുന്നൊരുക്കങ്ങളോ സംരംഭങ്ങളുടെ വിജയസാധ്യത, മാർക്കറ്റിംഗിലെ സാധ്യതകൾ, നഷ്ടസാധ്യതകൾ എന്നിവ സംബന്ധിച്ച പഠനങ്ങളോ ഗ്രൂപ്പുകൾക്ക് പരിശീലനമോ നടത്താതെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചതിനാൽ നാളിതുവരെയായി ഒരു യൂണിറ്റിനുപോലും പ്രവർത്തനം ആരംഭിക്കാനായിട്ടില്ല. ഒരു യൂണിറ്റിന് മാത്രമാണ് ബാങ്ക് ലോൺ ലഭ്യമായിട്ടുള്ളത്. വായ്പാധിഷ്ഠിതമായി ആരംഭിച്ച പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പ അനുവദിക്കുന്നതിന് മുമ്പായി സബ്സിഡി പൂർണ്ണമായും നൽകിയതും നാളിതുവരെയായി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാത്തതും പദ്ധതി നടത്തിപ്പിൽ വന്ന പോരായ്മയാണ്. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി ചെലവഴിച്ച 306900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ ആദ്യഘട്ടത്തിലെ ഈ പിഴവുകൾ പരിഹരിച്ച് തുടർപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 ഹെഡ് മിസ്ട്രസ് ,കരുവാറ്റ ജി.എൽ.പി.എസ് നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

ഹെഡ് മിസ്ട്രസ്, കരുവാറ്റ ജി.എൽ.പി.എസ് 2017-18 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

(പ്രോജക്ട് നം. 56/18) അടങ്കൽ തുക : 217748/- (എസ്. സി. പി)

ചെലവ് : 217748/- (Bill No. 4/17-18 dt. 24.3.18)

കരുവാറ്റ ഗ്രാമ പഞ്ചായത്തിലെ 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനായാണ് ഈ പ്രോജക്ട് വഴി ലക്ഷ്യമിട്ടിരുന്നത്. പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റിൻെറയും വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ അർഹതാ ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്തിന്റെ അംഗീകാരത്തോടെയാണ് ആനുകൂല്യം നൽകേണ്ടിയിരുന്നത്. എന്നാൽ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിക്കുകയോ, അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണം കണക്കാക്കുകയോ ചെയ്യാതെയാണ് സൈക്കിൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും സപ്ലൈ ഓർഡർ നൽകുകയും ചെയ്തത്. മെ. മുരളി സൈക്കിൾ മാർട്ട്, കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നാണ് പെൺകുട്ടികൾക്കുള്ള 20 ഉം ആൺകുട്ടികൾക്കുള്ള 32 ഉം ഉൾപ്പടെ ആകെ 52 സൈക്കിളുകൾ വാങ്ങിയത്. പദ്ധതിതുക ചെലവഴിച്ച് ആറു മാസങ്ങൾ കഴിഞ്ഞിട്ടും അർഹരായ ഗുണഭോക്താക്കളില്ലാത്തതിനാൽ ആകെ വാങ്ങിയ 52 സൈക്കിളുകളിൽ 18 എണ്ണവും (girls 5, boys 13) വിതരണം നടത്താതെ സ്കൂളിൽ സൂക്ഷിച്ചിരിക്കുകയാണ്. സൈക്കിൾ വാങ്ങലുമായി ബന്ധപ്പെട്ട ടെണ്ടർ നടപടിക്രമങ്ങളുടെ ഫയലും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടെണ്ടർ പരിശോധിച്ചതിൽ മുരളി സൈക്കിൾ മാർട്ട്, കരുനാഗപ്പള്ളി എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടറിലെ ഏറ്റവും ഉയർന്ന നിരക്കിലുള്ള സൈക്കിളുകളാണ് പദ്ധതിക്കായി വാങ്ങിയത്. എന്നാൽ കുറഞ്ഞ നിരക്കിലുള്ള സൈക്കിളുകൾ ഉണ്ടായിരുന്നിട്ടും ഉയർന്ന നിരക്കിലുള്ളവ വാങ്ങുന്നതിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ സംബന്ധിച്ച് പർച്ചേസ്/ പഞ്ചായത്ത് കമ്മിറ്റികളുടെ ശുപാർശയോ നിർദ്ദേശങ്ങളോ ഹാജരാക്കുകയോ, കമ്മിറ്റി തീരുമാനം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ടി സ്ഥാപനത്തിൽ നിന്നും സൈക്കിൾ വാങ്ങിയതിൻെറ ബില്ല്, സ്ഥാപനം തുക കൈപ്പറ്റിയതായ രേഖകൾ എന്നിവയും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ നിന്നും ഗുണഭോക്തൃ ലിസ്റ്റ് യഥാസമയം ലഭിക്കാത്തതും ലഭിച്ച അപേക്ഷകളുടെ സൂക്ഷ്മപരിശോധനയിൽ അപേക്ഷകരിൽ പലരും പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്ത് പോലുള്ള സ്ഥാപനങ്ങളുടെയും പദ്ധതികളിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയതായി ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലാണ് എല്ലാ അപേക്ഷകർക്കും ആനുകൂല്യം നൽകാനാവാതെ വന്നതെന്നും കുറച്ച് സൈക്കിളുകൾ വിതരണം നടത്താതെ അവശേഷിച്ചതെന്നും സൈക്കിൾ ടെണ്ടർ സംബന്ധമായ എല്ലാ കാര്യങ്ങളും ഗ്രാമപഞ്ചായത്ത് തന്നെയാണ് ചെയ്തതെന്നും പഞ്ചായത്ത് അംഗീകരിച്ച് നൽകിയ സപ്ലൈയറിൽ നിന്നും സാധനങ്ങൾ വാങ്ങുക മാത്രമാണ് ചെയ്തതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. എങ്കിലും ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8, തീയതി: 6.10.18) നിർവ്വഹണ ഉദ്യോഗസ്ഥ രേഖാമൂലം മറുപടി ലഭ്യമാക്കിയില്ല. നടപടിക്രമങ്ങൾ പാലിക്കാതെയും ആവശ്യമായ രേഖകളില്ലാതെയും നടപ്പാക്കിയ മേൽ പദ്ധതിയിൽ വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള 18 സൈക്കിളുകൾ വാങ്ങുന്നതിനായി ചെലവഴിച്ച 75,182/- രൂപ (13 x 4149 plus 5 x 4249 )ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ (പ്രോജക്ട് നം.34/18)

അടങ്കൽ തുക : 54996/-(എസ്. സി .പി)

ചെലവ് : 54996/- (Bill No. 2/17-18 dt. 15.2.18)

ഈ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന 11 വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം വില വരുന്ന മേശയും കസേരയും SIDCO യിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റിന്റെയും വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ അർഹതാ ലിസ്റ്റ്

തയ്യാറാക്കി പഞ്ചായത്തിന്റെ അംഗീകാരത്തോടെയാണ് ആനുകൂല്യം നൽകേണ്ടിയിരുന്നത്. മുൻഗണനാ ക്രമത്തിലുള്ള ഏകീകൃത ഗുണഭോക്തൃ പട്ടിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആകെ 11പേർക്ക് ആനുകൂല്യം നല്കിയപ്പോൾ പഞ്ചായത്ത് ഗ്രാമസഭകൾ വഴി തെരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 47 പേരിൽ 2 പേർക്കു മാത്രമാണ് ആനുകൂല്യം ലഭിച്ചിട്ടുള്ളത്. കൂടാതെ ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത ഒരേ വീട്ടിലെ തന്നെ 2 കുട്ടികൾക്ക് (അതുല്യാ ശശി, മണ്ണാന്റെ പറമ്പിൽ, അമൃത ശശി, മണ്ണാന്റെ പറമ്പിൽ) ഒരേ സമയം ആനുകൂല്യം നൽകിയിട്ടുണ്ട്. ഫർണ്ണീച്ചർ കൈപ്പറ്റിയ അഭിഷേക് എ, കാട്ടുകണ്ടത്തിൽ പടീറ്റതിൽ എന്ന ഗുണഭോക്താവിന് മതിയായ രേഖകളില്ലാതെയാണ് (റേഷൻ കാർഡ്, ആധാർ കാർഡ്, സ്കൂൾ സർട്ടിഫിക്കേറ്റ് എന്നിവയില്ലാതെ) ആനുകൂല്യം നൽകിയത്. പദ്ധതി നിർവ്വഹണം നടത്തുമ്പോൾ കൃത്യമായ ഗുണഭോക്തൃ ലിസ്റ്റിൻെറ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ പാലിച്ച് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ (പ്രോജക്ട് നം.58/18)

അടങ്കൽ തുക : 60000/-(എസ് സി പി)

ചെലവ് : 60000/-(Bill No. 5/17-18, തീയതി. 24.3.18)

ഈ പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾക്കാണ് കെൽട്രോൺ മുഖാന്തിരം വാങ്ങിയ 30000/- രൂപ വീതം വില വരുന്ന ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുള്ളത്.എന്നാൽ 2 പേർ മാത്രം ഗുണഭോക്താക്കളായുള്ള ഈ പദ്ധതിക്കായി ഗുണഭോക്താക്കളുടെ മുൻഗണനാക്രമം നിശ്ചയിച്ചതു പ്രകാരമല്ല ആനുകൂല്യ വിതരണം നടത്തിയിട്ടുള്ളത്. കൃത്യമായ ഗുണഭോക്തൃ ലിസ്റ്റിൻെറ അഭാവത്തിൽ പദ്ധതിതുക ചെലവഴിച്ച് ലാപ് ടോപ്പ് വാങ്ങി ആറു മാസങ്ങൾക്ക് ശേഷമാണ് ലാപ്ടോപ്പുകൾ വിതരണം നടത്തിയിട്ടുള്ളത്. വിതരണത്തിൽ വന്ന കാലതാമസം സംബന്ധിച്ച വിശദീകരണം നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയിട്ടില്ല.

4. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെൻറർ സ്ഥലം വാങ്ങൽ -എസ് സി പി

(പ്രോജക്ട് നം. 34/18)

അടങ്കൽ തുക : 54996/-(എസ് .സി .പി)

ചെലവ് : 54996/-(Bill No. 2/17-18 dt. 15.2.18)

ഈ പദ്ധതിയിൽ പട്ടികജാതിക്കാർക്കുള്ള പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന് സ്ഥലം വാങ്ങുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തു വിഹിതമായ 54996/-രൂപ Bill No. 2/17-18, തീയതി – 15.2.18 പ്രകാരം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി സ്ഥലം വാങ്ങുന്നത് എവിടെയാണെന്നോ, പദ്ധതിക്കായി ആകെ ചെലവഴിക്കുന്ന തുകയെത്രയാണ്, അതിൽ ഗ്രാമപഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയെത്ര വീതമാണ്, പദ്ധതി നടപ്പാക്കുന്ന കാലയളവ്, തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ എന്നിവയൊന്നും ഫയലിൽ ലഭ്യമല്ല. ഇക്കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. സംയുക്ത പ്രോജക്ടുകൾക്കായി തുക ചെലവഴിക്കുമ്പോൾ നടപ്പാക്കാനുദ്ദേശി ക്കുന്ന പദ്ധതി സംബന്ധിച്ച് എല്ലാ വിശദാംശങ്ങളും ലഭ്യമായ ശേഷം മാത്രം തുക ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഗാർഹിക കുടിവെള്ള കണക്ഷൻ-അപാകങ്ങൾ

ഗാർഹിക കുടിവെള്ള കണക്ഷൻ (പ്രോജക്ട് നം-17/2018)

ബിൽ നം-1/17-18 Rs.40,000/- c/o 25.10.17

2/17-18 Rs.5000/- c/o 11.01.18

13/17-18 Rs.50000/- c/o 27.02.18

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കരുവാറ്റ സൗത്ത്) ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതിയിൽ 2017-18 സാമ്പത്തികവർഷം 70 ഗുണഭോക്താക്കൾക്ക് 5000/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച രേഖകൾ പരിശോധിച്ചതിൽ ശ്രീമതി. രാഗിണി, ശരണ്യാലയം, കരുവാറ്റ. പി.ഒ, ശ്രീമതി കുഞ്ഞമ്മ തോമസ്, ചിറയിൽ, കരുവാറ്റ എന്നീ ഗുണഭോക്താക്കൾ 2017-18 ലെ പദ്ധതിയിൽ ആനുകൂല്യത്തിന് അർഹരല്ല. ശ്രീമതി. രാഗിണി, ശരണ്യാലയത്തിന് (കൺസ്യൂമർ നം – 1927) 04/03/2016 ലും ശ്രീമതി. കുഞ്ഞമ്മ

തോമസ്, ചിറയിലിന് (കൺസ്യൂമർ നം. -1958) 21/06/2016 ലും വാട്ടർ കണക്ഷൻ ലഭിച്ചിട്ടുള്ളതാണ്. നിലവിൽ ഗാർഹിക കുടിവെള്ള കണക്ഷൻ ഇല്ലാത്തവരാണ് പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ അർഹതയുള്ളവ്വ എന്നതിനാൽ 2017-18 ലെ ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് മുമ്പ് വാട്ടർ കണക്ഷൻ ലഭിച്ചിട്ടുള്ള ഇവർക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചത് ക്രമപ്രകാരമല്ല. വാട്ടർ കണക്ഷൻ നിലവിലില്ലാത്ത ധാരാളം പേരുടെ ഗുണഭോക്തൃലിസ്റ്റ് നിലവിലുള്ളപ്പോൾ കണക്ഷൻ നിലവിലുള്ളവർക്ക് ധനസഹായം അനുവദിക്കുന്നത് കൂടുതൽ അർഹതയുള്ളവർക്കുള്ള ധനസഹായം വൈകുന്നതിനും കാരണമാവുന്നതാണ്. മുൻ വർഷങ്ങളിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരുന്നവരായിരുന്ന തിനാലാണ് ഇവർക്ക് ആനുകൂല്യം അനുവദിച്ചതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരണം നൽകിയത്. കൂടാതെ പദ്ധതിയിൽ ആനുകൂല്യം നൽകിയ ശ്രീമതി. വൽസല, കൊച്ചുപറമ്പിൽ തെക്കതിൽ, ശ്രീമതി. ഗോമതി, ബിനുഭവനം, കരുവാറ്റ, ശ്രീമതി. വൽസലാമ്മ, പാലക്കുഴ പടീറ്റതിൽ, ശ്രീമതി ശാലിനി, വിനേഷ് ഭവനം, കരുവാറ്റ എന്നിവർ വാട്ടർ കണക്ഷൻ എടുത്തതിന്റെ രേഖ ഹാജരാക്കാതെയാണ് പദ്ധതി ധനസഹായം അനുവദിച്ചിട്ടുള്ളത്. സർക്കാർ മാനദണ്ഡ പ്രകാരമുള്ള രേഖകളുടെ അടിസ്ഥാനത്തിൽ അർഹത ഉറപ്പുവരുത്തി മാത്രം ധനസഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 ഫർണ്ണീച്ചർ വാങ്ങൽ -രേഖകൾ ഹാജരാക്കിയില്ല

ബിൽ നം. – 05/17-18, Rs. 98429/-, 22.03.18

മെഡിക്കൽ ഓഫീസർ (അലോപ്പതി) 2017-18 സാമ്പത്തിക വർഷം ഫർണ്ണീച്ചർ വാങ്ങുന്നതിനായി 2 പദ്ധതികളാണ് നടപ്പിലാക്കിയത്. ഹെൽത്ത് സെന്ററിനും സബ് സെന്ററുകൾക്കും ഫർണ്ണിച്ചർ വാങ്ങൽ (പ്രോജക്ട് നം :80/17-18) എന്ന പദ്ധതിയിൽ 98,429/- രൂപയും, PHC സബ് സെന്ററുകൾക്ക് ഫർണ്ണിച്ചർ വാങ്ങൽ (പ്രോജക്ട് നം : 73/17-18) എന്ന പദ്ധതിക്ക് 147320/- രൂപയുമാണ് ഈയിനത്തിൽ ചെലവഴിച്ചിരിക്കുന്നത്. സിഡ്കോ, പരുമലയിൽ നിന്നുമാണ് ഈ പദ്ധതികൾക്കായി ഫർണ്ണീച്ചറുകൾ വാങ്ങിയത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ വാർഷിക പദ്ധതി ചെലവ് പത്രിക പ്രകാരം സബ് സെന്ററുകൾക്ക് ഫർണ്ണീച്ചർ വാങ്ങൽ (പ്രോജക്ട് നം. : 73/17-18)എന്ന പദ്ധതിക്കായി ആകെ 1,47,320/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും 1,33,823/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്. പദ്ധതിച്ചെലവിൽ അവശേഷിക്കുന്ന 13497/- രൂപയുടെ ചെലവുരേഖകളോ വൗച്ചറുകളോ തുക കൈമാറിയതിന്റെ വിവരങ്ങളോ ലഭ്യമല്ല. കൂടാതെ മേൽ പദ്ധതികൾ പ്രകാരം വാങ്ങിയ ഫർണ്ണീച്ചറുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ, ഇവ സബ് സെന്ററുകൾക്ക് വിതരണം ചെയ്തതായ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9, തീയതി. 6.10.18) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ വിനിയോഗരേഖകളും സ്റ്റോക്ക്, വിതരണ വിവരങ്ങളും ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഫർണ്ണീച്ചറിനായി ചെലവഴിച്ച 245749/- രൂപയുടെ ചെലവ് (98429+147320) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതിച്ചെലവിന്റെ സുതാര്യവും കാര്യക്ഷമവുമായ വിനിയോഗം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 വൃദ്ധർക്ക് ഉപകരണങ്ങൾ- വിതരണ വിവരങ്ങൾ കൃത്യമല്ല

കരുവാറ്റ ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ വൃദ്ധർക്ക് ഉപകരണങ്ങൾ (പ്രോജക്ട് നം. – 47/18) എന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ വൃദ്ധർക്ക് കെൽട്രോൺ മുഖാന്തിരം മെഡിക്കൽ ക്യാമ്പ് നടത്തി ഓരോരുത്തർക്കും ആവശ്യമായ ഉപകരണങ്ങളുടെ പട്ടിക നിർണ്ണയിച്ച് നൽകുകയും ഉപകരണങ്ങൾ കെൽട്രോൺ ലഭ്യമാക്കുകയുമായിരുന്നു ലക്ഷ്യമിട്ടിരുന്നത്. മെഡിക്കൽ ക്യാമ്പിൽ തയ്യാറാക്കിയ പട്ടിക പ്രകാരം 2,22,707/- രൂപ വിലവരുന്ന 11 ഇനം ഉപകരണങ്ങളാണ് വാങ്ങേണ്ടിയിരുന്നത്. എന്നാൽ 2017-18 ലെ പദ്ധതി പ്രകാരം കമ്മോഡ് ചെയർ ഒഴികെ ബാക്കി 10 ഇനം ഉപകരണങ്ങളാണ് പദ്ധതി വകയിരുത്തലായ 128060/- രൂപയിൽ നിജപ്പെടുത്തി വാങ്ങിയത്. കെൽട്രോൺ വിതരണം നടത്തിയ ഇനങ്ങൾ ഐ.സി.ഡി.എസ്. സൂപ്പർവൈസർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഉപകരണങ്ങളുടെ വിതരണ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ മാത്രമാണ് ഹാജരാക്കിയത്. രജിസ്റ്റർ പ്രകാരമുള്ള ഉപകരണങ്ങളുടെ വിതരണ വിവരങ്ങൾ സുതാര്യമല്ല. പല ഉപകരണങ്ങളുടേയും വിതരണവിവരങ്ങളിൽ പലതവണ വെട്ടിതിരുത്തലുകൾ വരുത്തിയിട്ടുണ്ട്. കൂടാതെ കെൽട്രോൺ നൽകിയ ബിൽ പ്രകാരം ഒന്നിന് 8675/- രൂപ നിരക്കിൽ 3 ഫോൾഡിംഗ് വീൽ ചെയറുകൾ വാങ്ങിയിരുന്നു. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം ഇതിൽ ഒരു വീൽ ചെയർ മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. കെൽട്രോൺ ബിൽ പ്രകാരം ഗ്രാമപഞ്ചായത്തിൽ നൽകിയിട്ടില്ലാത്ത കമ്മോഡ് ചെയറുകൾ രജിസ്റ്റർ പ്രകാരം വിതരണ ചെയ്തതായി രേഖയുണ്ട്. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി

നൽകിയെങ്കിലും ഗ്രാമപഞ്ചായത്ത് തലത്തിലാണ് ഉപകരണങ്ങൾ വിതരണം നടത്തിയെന്നതല്ലാതെ മറ്റ് കാര്യങ്ങളിലൊന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ വിതരണ വിവരങ്ങളുടെ അഭാവത്തിൽ വീൽചെയറുകൾ വാങ്ങുന്നതിനായി ചെലവഴിച്ച 17,350/- രൂപയുടെ (Rs. 8675 x 2) ചെലവ് തടസ്സപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികൾക്കായി പണം ചെലവഴിക്കുന്നതിനൊപ്പം അവയുടെ സുതാര്യവും കൃത്യതയോടെയുള്ള വിനിയോഗവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 വീട് വാസയോഗ്യമാക്കൽ- മാനദണ്ഡപ്രകാരമല്ലാതെ ആനുകൂല്യം അനുവദിച്ചു

വീട് വാസയോഗ്യമാക്കൽ (പ്രോജക്ട് നം. – 14/18)

ബിൽ നം. - 16/17-18, Rs.30,000/-, c/o 2.03.18

05/17-18, Rs.60,000/-, c/o 11/01/18

06/17-18, Rs.30,000/-, c/o 11/01/18

10/17-18, Rs.115,000/-, c/o 04/02/18

ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ നിർവ്വഹണം നടത്തിയ ഈ പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷം 13 ഗുണഭോക്താക്കൾക്ക് 30,000/- രൂപ നിരക്കിൽ ആകെ 3,90,000/- രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. സർക്കാർ മാനദണ്ഡ പ്രകാരം വീട് നിർമ്മിച്ച് 8 വർഷം പൂർത്തീകരിച്ചവർക്കാണ് അറ്റകുറ്റപ്പണികൾക്ക് ധനസഹായം ലഭിക്കുവാൻ അർഹതയുള്ളത്. എന്നാൽ പദ്ധതിയിൽ ധനസഹായം അനുവദിച്ച താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഈ മാനദണ്ഡ പ്രകാരം ആനുകൂല്യത്തിന് അർഹരല്ല. പഞ്ചായത്ത് കെട്ടിട രജിസ്റ്റർ പ്രകാരം 4-5 വർഷം മാത്രം പഴക്കമുള്ള 5കെട്ടിട ഉടമകൾക്ക് പദ്ധതി ആനുകൂല്യം നൽകിട്ടുണ്ട്.

01. ശ്രീമതി. സുഭദ്ര, മംഗളശ്ശേരിൽ ( 2012-13 മുതൽ)

02. ശ്രീമതി. തങ്കമ്മ/രാധാകൃഷ്ണൻ, വള്ളിവടക്കതിൽ ( 2013-14 മുതൽ)

03. ശ്രീ. മണി കേശവൻ, ശാസ്താപറമ്പിൽ ( 2013-14 മുതൽ)

04. ശ്രീ. തങ്കപ്പൻ, അണക്കാടിൽ പടീറ്റതിൽ (2013 മുതൽ)

05. ശ്രീ. ശശിധരൻ, കണ്ണഞ്ചേരി പുതുവൽ ( 2013-14 മുതൽ)

ഈ ഗുണഭോക്താക്കൾ ഭൂരിഭാഗം പേരും സർക്കാരിന്റെ വിവിധ ഭവനപദ്ധതികൾ വഴിയായി ഭവനനിർമ്മാണം നടത്തിയവരാണെന്നും ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയായാലുടൻ കെട്ടിടങ്ങൾ അസ്സസ് ചെയ്യാത്തതു മൂലമാണ് യഥാർത്ഥ കാലപ്പഴക്കം രേഖകൾ പ്രകാരം തെളിയിക്കുവാൻ സാധിക്കാത്തതെന്നും അർഹത നേരിട്ട് ബോധ്യപ്പെട്ടാണ് ആനുകൂല്യം നൽകിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. സർക്കാർ പദ്ധതികൾ വഴി നിർമ്മാണം പൂർത്തീകരിക്കുന്ന വീടുകളുടെ സമയബന്ധിതമായ നികുതി നിർണ്ണയം കൂടി ഉറപ്പുവരുത്തുന്നതിനും യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നഷ്ടപ്പെടുത്താത്ത വിധം ക്ഷമതയുള്ള ഉദ്യോഗസ്ഥരിൽ നിന്നും കെട്ടിടത്തിന്റെ കാലപ്പഴക്കം സംബന്ധിച്ച സാക്ഷ്യപത്രം, സർക്കാർ ഭവനപദ്ധതികളുടെ ഗുണഭോക്താക്കളായവരുടെ വിശദാംശങ്ങൾ എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തി മാത്രം ആനുകൂല്യം വിതരണം നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 മുട്ടക്കോഴി വിതരണം രേഖകൾ ലഭ്യമല്ലാത്തത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോജക്ട് നം. | : | 45 |
| നിർവ്വഹണം | : | വെറ്റിനറി സർജൻ |
| ചെലവ് | : | 1,00,000/-<br>(1.ട്രഷറി ബിൽ നം. 3, തീ. 06.01.2018- 24,000/-രൂപ<br>2. ട്രഷറി ബിൽ നം. 5, തീ. 22.01.2018- 14,750/-രൂപ<br>3. ട്രഷറി ബിൽ നം. 7, തീ. 08.03.2018- 11,250/-രൂപ)<br>1. ചെക്ക് നം. 9949, തീ. 18.12.17 – 24000/- |

| | | |
|---|---|---|
| | | 2. ചെക്ക് നം. 13012, തീ. 19.3.18 – 11,250/- |
| | | 3. ചെക്ക് നം. 13021, തീ. 24.3.18 – 14,750/- |

മുട്ടക്കോഴി വിതരണം എന്ന പ്രോജക്ട് പ്രകാരം 5 കോഴിക്കുഞ്ഞുങ്ങൾ വീതം ഉള്ള 1 യൂണിറ്റിന് ഗുണഭോക്തൃ വിഹിതം 250/- രൂപയും 50% സബ്സിഡിയായി പദ്ധതി വിഹിതം 250/- രൂപയും വകയിരുത്തിയിട്ടുണ്ട്. ഇപ്രകാരം ആകെ 200 യൂണിറ്റ് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിട്ടുണ്ട്. ഇതിലേക്കായി പദ്ധതി വിഹിതം 50,000/- രൂപയും ഗുണഭോക്തൃ വിഹിതം 50,000/- രൂപയും ഉൾപ്പെടെ ആകെ 1,00,000/- രൂപ ചെലവഴിച്ചിരിക്കുന്നു. എന്നാൽ പൗൾട്രി ഫാമിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെ നിയമാനസൃത ബിൽ ഹാജരാക്കിയിട്ടില്ല. വിതരണ രേഖയായി ഹാജരാക്കിയിരിക്കുന്ന ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീതിൽ കൈപ്പറ്റിയ കോഴിക്കുഞ്ഞുങ്ങളുടെ എണ്ണവും പരാമർശിച്ചിട്ടില്ല. കൂടാതെ 410 കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കിയ ഷീജ സന്തോഷ് എന്ന വ്യക്തിയുടെ പൗൾട്രി ഫാം അംഗീകൃത പൗൾട്രി ഫാമാണോ എന്നത് സംബന്ധിച്ച രേഖയും ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ ഇതിലേക്കായി ചെലവഴിച്ച 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13, തീ. 08.10.2018) മറുപടി ലഭ്യമാക്കിയില്ല.

## 3-12 <u>കാരമുട്ട് എൽ.പി.സ്കൂൾ വാട്ടർ കണക്ഷൻ- പ്രവൃത്തി നിർവ്വഹണം ആരംഭിച്ചില്ല.</u>

പ്രോജക്ട് നം. : എസ്.079/18

പ്രോജക്ടിന്റെ പേര് : കാരമുട്ട് എൽ.പി.സ്കൂൾ വാട്ടർ കണക്ഷൻ

നിർവ്വഹണം : സെക്രട്ടറി

അടങ്കൽ : വികസന ഫണ്ട് - 16,63,982/-

തനത് ഫണ്ട് : 1,36,018/-

ആകെ : 18,00,000/-

*<u>ചെലവ്</u>*

ട്രഷറി ബിൽ നം. 15, തീ. 24.10.2017 – 16,63,982/-രൂപ

ചെക്ക് നം. 2818131, തീ. 03.11.2017- 1,36,018/- രൂപ

കാരമുട്ട് എൽ.പി. സ്കൂളിലേക്ക് കിണർ നിർമ്മാണം എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിലേക്കായി 18,00,000/- രൂപ കേരള വാട്ടർ അതോറിറ്റിയിലേക്ക് മേല്പറയും പ്രകാരം നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ 1,36,018/- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയത് സംബന്ധിച്ച് വാട്ടർ അതോറിറ്റി ആലപ്പുഴ പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 06.11.2017- ലെ 905646-ാം നമ്പർ രസീത് ഹാജരാക്കിയിട്ടുണ്ട്. 16,63,982/-രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയത് സംബന്ധിച്ച് രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. 10.04.2018-ലാണ് ഈ പ്രവൃത്തി സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടുന്നത്. കരാറിൽ ഏർപ്പെടുന്നതിന് 5 മാസം മുൻപു തന്നെ തുക പൂർണമായും വാട്ടർ അതോറിറ്റിക്ക് നല്കുകയാണുണ്ടായത്. കരാറിൽ ഏർപ്പെടുന്നതിന് മുൻപു തന്നെ എസ്റ്റിമേറ്റ് തുക പൂർണമായും വാട്ടർ അതോറിറ്റിക്ക് നല്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. കരാർ പ്രകാരം 31.07.2018-ന് മുൻപ് ഈ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ഓഡിറ്റ് തീയതി (08.10.2018) വരെയും ഈ പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പഞ്ചായത്ത് തുടർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17, തീ. 08.10.2018) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച ന്യൂനതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക (18,00,000/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 <u>കുറഞ്ഞ നിരക്കിൽ കാലി വീപ്പയുടെ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിന് നഷ്ടം.</u>

2017-18 സാമ്പത്തിക വർഷം കരുവാറ്റ ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലയിൽ നിന്നും ബാരൽ വില കുറവ് ചെയ്തത് കുറഞ്ഞ നിരക്കിലാണെന്ന് കാണുന്നു. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ. II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty steel drum of 450mm dia 1.2m high-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. 5% നികുതി ഉൾപ്പെടെ ആകെ 250/- രൂപയാണ് വർക്ക് ബില്ലുകളിൽ നിന്നും ഈടാക്കേണ്ടത്. എന്നാൽ കരുവാറ്റ ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലയിൽ നിന്നും ബാരൽ വില ഈടാക്കിയിരിക്കുന്നത് 142/-രൂപ (നികുതി ഉൾപ്പെടെ) ക്രമത്തിലാണെന്ന്

കാണുന്നു. (മറ്റ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും 250/- രൂപ ക്രമത്തിലാണ് ഈടാക്കിയിട്ടുള്ളത്.) വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് / പ്രോജക്ട് നം. | ഉപയോഗിച്ച ബാരലുകളുടെ എണ്ണം | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് |
|---|---|---|---|---|---|
| 1 | മഞ്ഞുലേത്ത് വട്ടത്തറ റോഡ് (വാലുപറമ്പ് മുതൽ വട്ടത്തറ വരെ മെറ്റലിംഗ് & ടാറിംഗ് വാർഡ്-9) 86/18<br>(ചെലവ്- 3,63,333/- രൂപ<br>ട്രഷറി ബിൽ നം. 17070652013100329601 തീ. 21.08.17 ) | 5 | 710 | 1250 | 540 |
| 2 | കാവിന്റെ കിഴക്കതിൽ – ചെമ്പതോട് റോഡ് മെറ്റലിംഗ് ടാറിംഗ് വാർഡ് 14<br>(ചെലവ്- 345413/- രൂപ,<br>ട്രഷറി ബിൽ നം. 17070652013100315331, തീ. 21.08.17) | 10 | 1420 | 2500 | 1080 |
| 3 | വിജയസദനം എസ്.എൻ.ഡി.പി റോഡ് മെറ്റലിംഗ് & ടാറിംഗ് വാർഡ് – 10<br>(ചെലവ്- 456182/- രൂപ<br>ട്രഷറി ബിൽ നം. 17070652013100315330 തീ. 21.08.17) | 13 | 1846 | 3250 | 1404 |
| 4 | റെയിൽവേ തോട്ടുകടവ് റോഡ് (വാർഡ് 5) (ചെലവ്-392488/-രൂപ<br>1. ട്രഷറി ബിൽ നം. 17070652013100381181 തീ. 26.08.17- 241080/-രൂപ<br>2. ട്രഷറി ബിൽ നം. 17070652013100381188, തീ. 26.08.17- 151408/-രൂപ | 7 | 994 | 1750 | 756 |
| | ആകെ | 35 | 4970 | 8750 | 3780 |

കാലിവീപ്പയുടെ വില കുറഞ്ഞ നിരക്കിൽ ഈടാക്കിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7, തീയതി. 06.10.2018) നഷ്ടത്തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കി. നഷ്ടത്തുക എത്രയും വേഗം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-14 യഥാസമയം കരാർ വച്ചില്ല- കോൺട്രാക്ടറിൽ നിന്നും ഫൈൻ ഈടാക്കിയില്ല- പഞ്ചായത്തിന് നഷ്ടം.

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised as per G.O.(P)No.13/2012/PWD dated 01.02.2012) സെക്ഷൻ 2009.6 പ്രകാരം പ്രവൃത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. അതിനു ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം. കരുവാറ്റ ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ പകൽവീട് നിർമാണം എന്ന പദ്ധതിയുടെ കരാറുകാരൻ ശ്രീ. മാത്യു വർഗ്ഗീസ് കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയിട്ടും കോൺട്രാക്ട് തുകയുടെ 1% പിഴ ഈടാക്കിയതായി കാണുന്നില്ല. ഈ പദ്ധതിയുടെ സെലക്ഷൻ നോട്ടീസ് (നം. 17/AE/16-17, തീ.23.02.2017) പ്രകാരം 06.03.2017 ന് മുൻപായി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതായിരുന്നു. എന്നാൽ 22.03.2017-ൽ മാത്രമാണ് എഗ്രിമെന്റിൽ (നം. 34/16-17, തീ. 22.03.2017) ഏർപ്പെട്ടിട്ടുള്ളത്. ആയതിനാൽ ടിയാനിൽ നിന്നും എഗ്രീഡ് പി.എ.സിയുടെ (675204/- രൂപ) 1% പിഴയായി ഈടാക്കേണ്ടിയിരുന്നതാണ്. ഫൈൻ ഈടാക്കാതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് 6752/- രൂപ നഷ്ടപ്പെട്ടു.

പ്രവൃത്തിയുടെ വിശദാംശങ്ങൾ

| | | |
|---|---|---|
| പ്രോജക്ട് നം. | : | 92/18 (2017-18)<br>91/17 (2016-17) |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | മാത്യൂ വർഗ്ഗീസ് |
| പി.എ.സി | : | 741016/- രൂപ |
| എഗ്രീഡ് പി.എ.സി | : | 675204/- രൂപ |
| ചെലവ് (ഒന്നാം പാർട്ട് ബിൽ) | | 222748/- (2016-17) |
| ഫൈനൽ ബിൽ | | 518268/-രൂപ<br>1. ട്രഷറിബിൽ നം.1707652013100407988, തീ. 26.08.2017- 56240/- രൂപ<br>2. ട്രഷറിബിൽ നം.1707652013100407985, തീ. 26.08.2017- 462028/- രൂപ |
| എം.ബുക്ക് നം. | : | 18/16-17 |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 6752/- രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7, തീ. 06.10.2018) കോൺട്രാക്ടർക്ക് അസുഖം ബാധിച്ച് ആശുപത്രിയിൽ ആയിരുന്നതിനാലാണ് കരാർ വയ്ക്കുന്നതിൽ കാലതാമസം വന്നതെന്നറിയിച്ചു. ഇത് സംബന്ധിച്ച യാതൊരു രേഖകളും, തീരുമാനങ്ങളും ഫയലിൽ ലഭ്യമല്ലാത്തതിനാൽ ഈ മറുപടി അംഗീകരിക്കാനാവില്ല. ആയതിനാൽ നഷ്ടത്തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ വച്ച നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 3-15 യഥാസമയം പണി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും കോമ്പൻസേഷൻ ഈടാക്കിയില്ല.

2012 ലെ പി.ഡബ്ല്യൂ.ഡി മാനവൽ അനുസരിച്ച് കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ച മൂലം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാനാവാതെ വരികയാണെങ്കിൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെടാവുന്നതാണ്. കരുവാറ്റ ഗ്രാമപഞ്ചായത്തിൽ അനുവദിക്കപ്പെട്ട സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരൊന്നും തന്നെ പിഴ ഒടുക്കിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടതായി കാണുന്നില്ല.

2012 ലെ പി.ഡബ്ല്യൂ.ഡി മാനവൽ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷൻ ഈടാക്കേണ്ടതാണ്.

കരുവാറ്റ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം ഫൈനൽ ബിൽ നല്കിയതും യഥാസമയം പൂർത്തീകരിക്കാതിരുന്നതുമായ മരാമത്ത് പണികളുടെ കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള കോമ്പൻസേഷൻ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ നല്കുന്നു.

(2012 ലെ പി.ഡബ്ല്യൂ.ഡി മാനവൽ സെക്ഷൻ 2112 അനുസരിച്ച് പ്രവൃത്തി എപ്രകാരം നടപ്പിലാക്കാം എന്നുള്ളതിന്റെ സമയക്രമം കരാറിലേർപ്പെടുന്നതിനു മുൻപ് തന്നെ കരാറുകാരൻ തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കേണ്ടതും അസിസ്റ്റന്റ് എഞ്ചിനീയർ ആയത് പരിശോധിച്ച് അംഗീകരിച്ച് എഗ്രിമെന്റിന്റെ ഭാഗമാക്കി മാറ്റേണ്ടതുമാണ്. എന്നാൽ കരുവാറ്റ ഗ്രാമ പഞ്ചായത്തിൽ വയ്ക്കപ്പെട്ടിട്ടുള്ള കരാറുകളിൽ ഒന്നും തന്നെ പ്രവൃത്തി നടത്തിപ്പിന്റെ സമയക്രമം ഉൾക്കൊള്ളിച്ചിട്ടില്ല. ആയതിനാൽ സാങ്കേതികാനുമതി പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള പൂർത്തികരണ കാലാവധിയാണ് കോമ്പൻസേഷൻ കണക്കാക്കാനായി എടുത്തിരിക്കുന്നത്.)

| | | |
|---|---|---|
| 1. പ്രോജക്ട് നം. | : | 85/18 (2017-18) |
| പ്രോജക്ടിന്റെ പേര് | : | എസ്.എൻ കടവ് ആശാട്ടിമുക്ക് റോഡ് മെറ്റലിംഗ് വാർഡ് 1 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ഹരികുമാർ |
| എഗ്രീഡ് പി.എ.സി | : | 471285/- രൂപ |
| ചെലവ് | | 418274/-<br>ട്രഷറി ബിൽ നം. 17070652013101066272, തീ. 28.02.2018 |
| എം.ബുക്ക് നം | : | 33/16-17 |
| എഗ്രിമെന്റ് നം. | : | 20/16-17 തീ.16.02.2017 |
| സാങ്കേതികാനുമതി നമ്പർ | : | 10414/2016-2017 |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | : | 16.02.2017 |
| പൂർത്തീകരണ കാലാവധി | : | 2 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | : | 16.04.2017 |
| പൂർത്തീകരിച്ച തീയതി | : | 15.06.2017 (എം.ബുക്ക് പേജ് നം.7) |
| കാലതാമസം | : | 8.57 ആഴ്ച (60 ദിവസം ) |
| ഈടാക്കേണ്ടിയിരുന്ന കോമ്പൻസേഷൻ | : | 471285x0.1/100x8.57= 4039/- രൂപ |

| | | |
|---|---|---|
| 2. പ്രോജക്ട് നം. | : | 88/18 |
| പ്രോജക്ടിന്റെ പേര് | : | അഞ്ചുതെങ്ങ് കോതപ്പുഴശ്ശേരി റോഡ് മെറ്റലിംഗ് വാർഡ് 13 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | മണിലാൽ |
| എഗ്രീഡ് പി.എ.സി | : | 3,65,000/- രൂപ |
| ചെലവ് | | 343439/-<br>ട്രഷറിബിൽനം. 17070652013100301921,<br>തീ. 31.07.17 – 250000/-രൂപ<br>തനത് ഫണ്ട് – 93439/- രൂപ |
| എം.ബുക്ക് നം | : | 28/16-17 |
| എഗ്രിമെന്റ് നം. | : | 11/16-17 തീ.27.12.2016 |
| സാങ്കേതികാനുമതി നമ്പർ | : | 10487/2016-2017 |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | : | 05.01.2017 |
| പൂർത്തീകരണ കാലാവധി | : | 2 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | : | 05.03.2017 |

| | | |
|---|---|---|
| പൂർത്തീകരിച്ച തീയതി | : | 27.04.2017 (എം.ബുക്ക് പേജ് നം.8) |
| കാലതാമസം | : | 7.57 ആഴ്ച (53 ദിവസം ) |
| ഈടാക്കേണ്ടിയിരുന്ന കോമ്പൻസേഷൻ | : | 365000x0.1/100x7.57= 2763/- രൂപ |

| | | |
|---|---|---|
| 3. പ്രോജക്റ്റ് നം. | : | 90/18 |
| പ്രോജക്റ്റിന്റെ പേര് | : | കാവിന്റെ കിഴക്കേതിൽ ചെമ്പുതോട് റോഡ് മെറ്റലിംഗ് ടാറിംഗ് വാർഡ് 14 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്റ്ററുടെ പേര് | : | വിഷ്ണു |
| എഗ്രീഡ് പി.എ.സി | : | 3,78,383/- രൂപ |
| ചെലവ് | | 345413/- രൂപ ട്രഷറി ബിൽ നം. 17070652013100315331, തീ. 21.08.17 |
| എം.ബുക്ക് നം | : | 27/16-17 |
| എഗ്രിമെന്റ് നം. | : | 12/16-17, തീ. 27.12.2016 |
| സാങ്കേതികാനുമതി നമ്പർ | : | 22360/2016-17 |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | : | 27.12.2016 |
| പൂർത്തീകരണ കാലാവധി | : | 3 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | : | 27.03.2017 |
| പൂർത്തീകരിച്ച തീയതി | : | 16.05.2017 (എം.ബുക്ക് പേജ് നം.8) |
| കാലതാമസം | : | 7.14 ആഴ്ച (50ദിവസം ) |
| ഈടാക്കേണ്ടിയിരുന്ന കോമ്പൻസേഷൻ | : | 378383x0.1/100x7.14= 2702/- രൂപ |

| | | |
|---|---|---|
| 4. പ്രോജക്റ്റ് നം. | : | 86/18 |
| പ്രോജക്റ്റിന്റെ പേര് | : | മഞ്ചുലേത്ത് വട്ടത്തറ റോഡ് (വാലുപറമ്പ് മുതൽ വട്ടത്തറ വരെ മെറ്റലിംഗ് ടാറിംഗ് വാർഡ് 9 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്റ്ററുടെ പേര് | : | മാത്യു വർഗീസ് |
| എഗ്രീഡ് പി.എ.സി | : | 3,69,484/- രൂപ |
| ചെലവ് | : | 3,63,333/- രൂപ ട്രഷറി ബിൽ നം. 17070652013100329601, തീ. 21.08.17 |
| എം.ബുക്ക് നം | : | 26/16-17 |
| എഗ്രിമെന്റ് നം. | : | 13/16-17 തീ. 27.12.2016 |
| സാങ്കേതികാനുമതി നമ്പർ | : | 25574/2016-17 |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | : | 27.12.2016 |
| പൂർത്തീകരണ കാലാവധി | : | 3 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | : | 27.03.2017 |

| | | |
|---|---|---|
| പൂർത്തീകരിച്ച തീയതി | : | 8.05.2017 (എം.ബുക്ക് പേജ് നം.11) |
| കാലതാമസം | : | 6 ആഴ്ച (42ദിവസം ) |
| ഈടാക്കേണ്ടിയിരുന്ന കോമ്പൻസേഷൻ | : | 369484x0.1/100x6= 2217/- രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15 തീ.08.10.2018) കരാറുകാരിൽ നിന്നും നഷ്ടത്തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കി. കോമ്പൻസേഷൻ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ തുക 11721/- രൂപ (4039+2763+2702+2217) കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തു നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 3-16 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം

കരുവാറ്റ ഗ്രാമപഞ്ചായത്തിലെ 2017 -18 വർഷത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) രജിസ്ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 75 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3684 |
| തൊഴിലിന് അപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2337 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2337 |
| ആകെ പ്രവൃത്തി ദിനങ്ങൾ | 184816 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 696 |
| ആകെ ഭരണപരമായ ചെലവുകൾ | 1119740 |
| മെറ്റീയൽസ് വാടകയിനത്തിൽ ചെലവഴിച്ച തുക | 369632 |

(2) ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ (2017-18)

| | |
|---|---|
| തൻവർഷം ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 520 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 417 |
| തൻവർഷം പൂർത്തിയാക്കിയത് | 294 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | - |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | - |

| | |
|---|---|
| പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം | 70.5% |

(3) വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 63 | 275.06 |
| 2 | ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 14 | 49.8 |
| 3 | ജല സംരക്ഷണം | 13 | 2.17 |
| 4 | IAY ഭവനനിർമ്മാണം | 31 | 5.74 |
| 5 | മരാമത്ത് & മറ്റിനം | 173 | 175.12 |
| | ആകെ | 294 | 507.89 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | 15-പാലിന് സബ്സിഡി | 200000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1350000 | 21- നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 1350000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | 40-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | 40-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | സാന്ത്വന പരിചരണ പരിപാടി | 297722 | 2278 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 50000 | 80-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 50000 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 50000 | 80-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 50000 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 373483 | ബഡ്സ് സ്കൂളിന് കെട്ടിട നിർമ്മാണം | 373483 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ നീട്ടൽ | 136018/- | - | 136018/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാ ണ പദ്ധതി | സർക്കാർ ഉത്തരവ് (സാധാ) നം.562/ 2010/ത.സ്വ.ഭ.വ തീയതി 22.2.2010 | 1,17,87,000 | 20,89,191 | 11,78,700 | 136883 | 910491 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഒടുക്കിയ ആളുടെ പേര് ഉദ്യോഗപ്പേരും | രസീതി നം തിയതി |
|---|---|---|---|
| 2016-17 | 2-1 | 3000/- ലീന മാത്യൂ, മാപ്പിളശ്ശേരി ഫ്യൂവൽസ് | 117200101752/16.09.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1999-2000 | 20 | 2003-04 | പബ്ലിക്ക് മാർക്കറ്റ് റോഡ് ഗ്രാവലിംഗ് | അക്കൗണ്ട്സ് കമ്മിറ്റി തീരുമാനം അറിയിച്ചിട്ടില്ല |
| 1999-2000 | 13 | 2003-04 | നികുതി പിരിവ്-പിഴ പലിശ ഈടാക്കിയിട്ടില്ല | |
| 1999-2000 | 27 | 2003-04 | താറാവ് വിതരണം | |
| 2000-2001 | 18 | 2003-04 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം | |
| 2000-01 | 21 | 2003-04 | വനിതാ സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം | |

| | | | | |
|---|---|---|---|---|
| 2000-01 | 28 | 2003-04 | മെതിയന്ത്രം-രസീതില്ല | |
| 2015-16 | 2-4 | 2016-17 | തൊഴിൽ നികുതി | 10.8.2018 ലെ പഞ്ചായത്ത് കമ്മിറ്റി X(I) ാം നമ്പർ തീരുമാനം എടുത്തിട്ടുണ്ട്. |

## 4-8 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 54509794 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56720561 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6752 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15501 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4391509 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-13 | | 3780 | സി. രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-14 | 6752 | | സി. രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | | 11721 | സി. രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 6752 | 15501 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 120240 | ആർ. ഗംഗാദേവി, കൃഷി ഓഫീസർ |
| 3-2 | 276863 | ഡോ. അഞ്ചു ശ്രീധരൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കരുവാറ്റ |
| 3-3 | 72225 | കവിത. ആർ. പി, വി.ഇ.ഒ, കരുവാറ്റ |
| 3-4 | 1377000 | സി. രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 306900 | കവിത. ആർ. പി, വി.ഇ.ഒ, കരുവാറ്റ |
| 3-6 | 75182 | ജെസി. ജെ, എച്ച്.എം, ഗവ.എൽ.പി.എസ്, കരുവാറ്റ |
| 3-8 | 245749 | ഡോ. അഞ്ചു ശ്രീധരൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കരുവാറ്റ |

| | | |
|---|---|---|
| 3-9 | 17350 | ഷീല ദേവസ്യ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-11 | 100000 | ഡോ. സുൾഫിക്കർ ജെ, വെറ്റിറനറി സർജൻ |
| 3-12 | 1800000 | സി. രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 4391509 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല---

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദീപ്തി നായർ , സെക്രട്ടറി | സെക്രട്ടറി,<br>കരുവാറ്റ ഗ്രാമപഞ്ചായത്ത് | പുത്തൻകണ്ടത്തിൽ, മുതുകുളം സൌത്ത്<br>പി.ഒ, ആലപ്പുഴ |
| സി. രാജൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കരുവാറ്റ ഗ്രാമപഞ്ചായത്ത് | ഷൈലജ ഭവനം,<br>ചുനക്കര നോർത്ത്. |
| ഡോ. അഞ്ചു ശ്രീധർ<br>മെഡിക്കൽ ഓഫീസർ, | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി, കരുവാറ്റ | ബംഗ്ലാവിൽ, കോമന, അമ്പലപ്പുഴ. പി.ഒ |
| കവിത. ആർ. പി,<br>വി.ഇ ഒ | വി.ഇ.ഒ കരുവാറ്റ<br>ഗ്രാമപഞ്ചായത്ത് | നാരായണമംഗലത്തില്ലം,<br>പുന്നപ്ര (വടക്ക്)പി.ഒ, ആലപ്പുഴ |
| ഡോ. സുൾഫിക്കർ,<br>വെറ്റിറനറി സർജൻ, | വെറ്റിറനറി സർജൻ,<br>കരുവാറ്റ ഗ്രാമപഞ്ചായത്ത് | പട്ടത്തിൽ,ചങ്ങംകുളങ്ങര, ഓച്ചിറ |
| ജെസി. ജെ എച്ച് എം | | മറ്റത്തിൽ, മുഹമ്മ. പി.ഒ |
| വിജി.<br>അസിസ്റ്റന്റ് എഞ്ചിനീയർ, | അസിസ്റ്റന്റ് എഞ്ചിനീയർ<br>കരുവാറ്റ | വാസന്തി നിവാസ്,<br>കമ്മാലക്കുന്ന്, കുന്തല്ലൂർ |

| | | |
|---|---|---|
| ഗംഗാദേവി,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,കരുവാറ്റ | പനമൂട്ടിൽ,<br>അയാനിവേലികുളങ്ങര വടക്ക് |
| ഷീല ദേവസ്യ | | തെക്കേപാലക്കൽ,<br>പാതിരപ്പള്ളി പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1997-1998<br>ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 1998-1999<br>ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 03.02.12 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2000-2001<br>ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2002-2003 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2003-2004 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2004-2005 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2005-2006 | എൽ.എഫ്.ജി.എ.5.1832/11/2011/ 04.02.12 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2006-2007 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2007-2008 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2008-2009 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2009-2010 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 | --- |
| 2010-2011,<br>2011-2012 | എൽ.എഫ്.എപി3-1399/2012/ 13.12.12 | --- |
| 2012-2013 | എൽ.എഫ്.എപി3-09/2014/ 11.03.14 | --- |

| | | |
|---|---|---|
| 2013-2014 | എൽ.എഫ്.എപി3-550/15/ 03.06.2015 | --- |
| 2014-2015 | കെ.എസ്.എ/എഎൽ.പി/പി3-629/16/ 10.06.16 | --- |
| 2015-16 | കെ.എസ്.എ/എഎൽ.പി/പി3-1514/16/29.12.16 | --- |
| 2016-17 | കെ.എസ്.എ/എഎൽ.പി/പി3-615/17/08.06.17 | --- |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## അനുബന്ധം - I

നം. കെ.എസ്.എ-എ.എൽ.പി-ജിഎ.4-1126(54)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ
തീയതി: 06.07.2018

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കരുവാറ്റ ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - II

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | സംക്ഷിപ്തം (Audited Abstract) |
| 3. | ബാലൻസ് ഷീറ്റ് | |

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ